**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/323/2026-P1 (1) തീയതി.09-09-2026

ഡയറക്ടർ

ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം- : ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് – ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27) – ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1) 01.07.2026-ലെ സ.ഉ.(സാധാ) നം.3295/2026/DAD നമ്പർ സർക്കാർ ഉത്തരവ്.

2) ഈ ഓഫീസിലെ 06.08.2026-ലെ MWD/323/2026-P1(1) നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27) പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷക്ഷേമ സെൽ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 10.09.2026 ആയി നിശ്ചയിച്ചിട്ടുള്ളതാണ്.

എന്നാൽ, ഓണാഘോഷവുമായി ബന്ധപ്പെട്ട് ഉണ്ടായ സർക്കാർ അവധികൾ മൂലം അപേക്ഷയോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കേണ്ട രേഖകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം അപേക്ഷകളുടെ എണ്ണം കുറയുന്നതിനു കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ, കൂടുതൽ അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **10.10.2026 വരെ ദീർഘിപ്പിച്ചിട്ടുള്ള** വിവരം അറിയിക്കുന്നു. പ്രസ്തുത വിവരം സംസ്ഥാനത്തെ ദിനപത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ എന്നിവ മുഖേന പരമാവധി പ്രചാരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ

**പ്രസിദ്ധീകരണത്തിന്**

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ വിവാഹബന്ധം വേർപെടുത്തിയ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27)**

തിരുവനന്തപുരം: - മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിധവകൾ/ വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള "ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ" ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ/വാതിലുകൾ, മേൽക്കൂര, ഫ്ലോറിംഗ്/ ഫിനിഷിംഗ്/ പ്ലംബിംഗ്/ സാനിറ്റേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50,000/-രൂപയാണ് ധനസഹായം. ടി തുക തിരിച്ചടയ്ക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ, അവരുടെ മക്കൾക്കോ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള / മക്കളില്ലാത്ത അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള 2026-27 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്നതിനും, മറ്റു വകുപ്പുകളിൽ നിന്നോ/സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ പുനരുദ്ധാരണത്തിനോ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനും ആവശ്യമായ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷയോടൊപ്പം ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം. അപേക്ഷാ ഫാറം **www.mwdscholarship.kerala.gov.in** എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന **അവസാന തീയതി 2026 ഒക്ടോബർ 10.**

Digitally signed by
DEVIDAS N
Date: 09-09-2026
18:07:27

DEVIDAS N IAS, DIR DMW ., O/O DIR DMW

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്
വികാസ് ഭവൻ , നാലാം നില, തിരുവനന്തപുരം-33

## വിധവകൾ/ വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27)

**(മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ വിഭാഗങ്ങൾക്ക് മാത്രമായുള്ള പദ്ധതി)**

അപേക്ഷാ ഫാറം

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേര് | |
| 2 | സ്ഥിര മേൽവിലാസം | |
| 3 | ഇപ്പോഴത്തെ മേൽവിലാസം | |
| 4 | ഫോൺ നമ്പർ | |
| 5 | വയസ്സ് | |
| 6 | മതം/ജാതി | |
| 7 | ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബമാണോ ? | **അതെ /അല്ല** |
| 8 | കുടുംബത്തിന്റെ വാർഷിക വരുമാനം | |
| 9 | റേഷൻ കാർഡ് നമ്പർ | |
| 10 | വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീ ഇവയിൽ ഏതെന്ന് വ്യക്തമാക്കുക | |
| 11 | അപേക്ഷക/പങ്കാളിയുടെ പേരിലുള്ള വീട് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ വിസ്തീർണ്ണവും, സർവ്വേ നമ്പരും, തണ്ടപ്പേര് നമ്പരും, വില്ലേജ്/താലൂക്ക്/ജില്ല എന്നീ വിശദാംശങ്ങളും | |
| 12 | അപേക്ഷക/പങ്കാളിയുടെ വീട് നമ്പർ, വീടിന്റെ ആകെ വിസ്തീർണ്ണം,പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പേര് | |
| 13 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുടുംബമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക (മാനസിക രോഗം/ ഓട്ടിസം/ ഭിന്നശേഷി) | |
| 14 | അപേക്ഷകയോ ഒപ്പം താമസിക്കുന്ന മക്കളിൽ ആരെങ്കിലും മാരക രോഗത്താൽ ചികിത്സയിയാണോ? (ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങളുള്ള വരാണെങ്കിൽ) | |
| 15 | അപേക്ഷക പെൺമക്കൾ മാത്രമുള്ളവരാണോ ? | |
| 16 | അപേക്ഷകയ്ക്ക് മൈനറായ (18 വയസ് തികയാത്ത) മക്കൾ ഉണ്ടോ? | |
| 17 | സർക്കാരിൽ നിന്നോ, മറ്റ് സമാന ഏജൻസികളിൽ നിന്നോ വീട് നിർമ്മാണം/പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക | **ഉണ്ട്/ഇല്ല** |

| ക്രമ നം | പേര് | ആൺ/പെൺ | വയസ്സ് | വൈവാഹിക നില | അപേക്ഷകയ്ക്ക് കുടുംബാംഗങ്ങളുമായുള്ള ബന്ധം | അപേക്ഷകയോടൊപ്പമാണോ ഈ കുടുംബാംഗം താമസിക്കുന്നത് (അതെ/അല്ല) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

<u>സാക്ഷ്യപത്രം</u>

**ഞാൻ ............................................ (തീയതി) മുതൽ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട ഒരാളാണെന്നും എനിക്ക് നാളിതുവരെ ഭവന പുനരുദ്ധാരണത്തിന് സർക്കാരിൽ നിന്നോ മറ്റ് സമാന ഏജൻസികളിൽ നിന്നോ യാതൊരുവിധ ധനസഹായവും ലഭിച്ചിട്ടില്ലെന്നും എന്റെ വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ. ഫീറ്റിൽ കുറവാണെന്നും ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.**

**അപേക്ഷകയുടെ ഒപ്പ്**
**പേര്**

**സ്ഥലം-**
**തീയതി-**

<u>അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ</u>

1. റേഷൻ കാർഡിന്റെ പകർപ്പ്
2. 2026-27 സാമ്പത്തിക വർഷത്തെ സ്വന്തം പേരിലുള്ള / പങ്കാളിയുടെ പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്ഥിര താമസ സർട്ടിഫിക്കറ്റ്
4. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
5. പുനർവിവാഹിത അല്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
6. വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
7. വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്നതിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരിൽ നിന്നുള്ള സാക്ഷ്യപത്രം
8. മറ്റ് വകുപ്പികളിൽ നിന്നോ, സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന പുനരുദ്ധാരണത്തിനും 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
9. അപേക്ഷകയ്ക്കോ/അവരുടെ മക്കൾക്കോ മാനസിക-ശാരീരിക വെല്ലുവിളികൾ/ക്യാൻസർ/കിഡ്നി പ്രശ്നം/ഹൃദ്രോഗം/കരൾ സംബന്ധമായ അസുഖം/തളർവാതം മറ്റ് മാരക അസുഖങ്ങൾ ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്.
10. റേഷൻ കാർഡിലെ പേരും, അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ രണ്ടും ഒന്നാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

<u>കുറിപ്പ്- **അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേയ്ക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം.** നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ അടക്കം ചെയ്യാത്ത അപേക്ഷകൾ യാതൊരു സാഹചര്യത്തിലും ഈ പദ്ധതിയ്ക്കായി പരിഗണിക്കുന്നതല്ല.</u>